"ഭരണഭാഷ - മാതൃഭാഷ"

DGE/10102/2025-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 23-05-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2025-26 അധ്യയന വർഷം സ്കൂൾ അധ്യയനം ആരംഭം- ബോധവൽക്കരണ ക്ലാസ് നടത്തുന്നത് - സംബന്ധിച്ച്

സൂചന :- ബഹു.സർക്കാരിന്റെ 22.03.2025 ലെ 2182/2025/GEDN നമ്പർ ഉത്തരവ്

*****

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പല പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുകയാണ്..ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസിൽ വച്ചു തന്നെ നേടി എന്ന് ഉറപ്പാക്കുക എന്നത് സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമാണ്. ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അതത് അവസരങ്ങളിൽ ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജനാധിപത്യം, മതനിരപേക്ഷത, തുല്യത തുടങ്ങി ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളും പാഠ്യപദ്ധതി ചട്ടക്കൂട് 2023 മുന്നോട്ട് വെച്ച സാമൂഹികമൂല്യങ്ങളും പൗരബോധവും കുട്ടികളിൽ ഉളവാകുന്ന തരത്തിൽ പഠനപ്രക്രിയകളെ വികസിപ്പിക്കേണ്ടതുണ്ട്.

കുട്ടികളുടെ ശക്തിയും പരിമിതിയും കണ്ടെത്തി പരിമിതികളെ മറികടക്കാൻ ആവശ്യമായ പിന്തുണ ഒരുക്കുന്ന പ്രവർത്തനമാണ് 2025 മാർച്ച് വാർഷിക പരീക്ഷയുടെ തുടർച്ചയായി എഴുത്തു പരീക്ഷയിൽ 30% മിനിമം മാർക്ക് ലഭിക്കാത്ത എട്ടാം ക്ലാസിലെ കുട്ടികൾക്ക് ഏപ്രിൽ മാസം ഒരുക്കിയ പഠന പിന്തുണ പ്രവർത്തനം .സമൂഹം വളരെയേറെ ശ്രദ്ധിച്ച ഒരു പ്രവർത്തനമായിരുന്നു ഇത്.

പല കുട്ടികൾക്കും അവർ പഠിച്ച പഠനവസ്തുതകൾ തുടർപഠനത്തിന് ഉപയോഗിക്കണമെങ്കിൽ അക്കാര്യങ്ങൾ വീണ്ടും ഉൾപ്പെടുത്തി അനുഭവതലം ഒരുക്കേണ്ടി വരും. എന്നാൽ മാത്രമേ അവർ ഇനി പഠിക്കേണ്ട പാഠപുസ്തകങ്ങളിലേക്ക് സ്വാഭാവികമായും പ്രവേശിക്കാൻ കഴിയൂ. ഏതെങ്കിലും മേഖലയിൽ പഠനവിടവുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള ബോധപൂർവ്വമായ ശ്രമം സ്കൂൾ വർഷാരംഭത്തിൽ

അനിവാര്യമാണ്. ഇത് തുടർന്നും നടക്കേണ്ട പ്രക്രിയയാണ്. അതുകൊണ്ട് കുട്ടികളുടെ പഠനനില മനസ്സിലാക്കി സ്കൂൾ തുറന്ന ഘട്ടത്തിൽ തന്നെ അവർ കടന്നുവന്ന ക്ലാസിലേയും പുതിയ ക്ലാസ്സിലെയും പഠനത്തിന്റെ തുടർച്ച ഉറപ്പാക്കുന്ന ഒരു ബ്രിഡ്ജിങ് ആവശ്യമാണ്. ഇത്തരം ബ്രിഡ്ജിങ്ങിനായി ഉപയോഗിക്കുന്ന ഉപാധികൾ കുട്ടികളിൽ ഉണ്ടാകേണ്ട സാമൂഹ്യമൂല്യങ്ങൾ കൂടി ഉളവാക്കാൻ സഹായമാകുന്നത് ഉചിതമാകും.

സമൂഹത്തിലെ പൊതുകാര്യങ്ങൾ ഓരോന്നിനെയും കുറിച്ച് കുട്ടികൾ ആദ്യഘട്ടത്തിൽ അറിയേണ്ട കാര്യങ്ങൾ സ്കൂൾ തുറന്ന് ആദ്യദിവസങ്ങളിൽ തന്നെ കുട്ടികളിൽ എത്തിക്കേണ്ടതുണ്ട്. ഇത് ഒറ്റത്തവണ പരിപാടി എന്ന നിലയിലല്ല കാണേണ്ടത്. പാഠ്യപദ്ധതിയുടെ ഭാഗമായ പാഠപുസ്തകങ്ങളിൽ ഈ ആശയങ്ങൾക്കെല്ലാമിടമുണ്ട്. അതതു സമയങ്ങളിൽ അവ ആഴത്തിൽ കുട്ടികളെ പരിചയപ്പെടുത്തണം. അവയെല്ലാം ഒരു ആമുഖം എന്ന നിലയിലാണ് സ്കൂൾ പ്രവർത്തനാരംഭത്തിൽ ഇവ അവതരിപ്പിക്കേണ്ടത്. പ്രൈമറി,അപ്പർ പ്രൈമറി,ഹൈസ്കൂൾ തലത്തിൽ അവതരിപ്പിക്കേണ്ട പൊതുകാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- **<u>ലഹരിക്കെതിരെയുള്ള പ്രതിരോധം</u>**: ലഹരി ഉപയോഗം ഇന്ന് നാം നേരിടുന്ന പ്രധാന സാമൂഹ്യ ഭീഷണിയാണ് . കുട്ടികൾ അവരുടെ ചുറ്റുപാടുകളും ലഹരി വഴി ഉണ്ടാകുന്ന ദോഷങ്ങൾ സംബന്ധിച്ചും അത് സമൂഹത്തിലും കുടുംബത്തിലും വ്യക്തിപരമായും ഉണ്ടാകുന്ന അനുരണനങ്ങൾ സംബന്ധിച്ചും മനസ്സിലാക്കേണ്ടതുണ്ട്. ലഹരി ഉപയോഗത്തിനെതിരായ മനോഭാവം കുട്ടികളിൽ വളർത്തുക എന്നത് പ്രധാനമാണ്. അതിന് സഹായമായ രചനയാണ് 'തെളിവാനം വരക്കുന്നവർ' എന്ന പുസ്തകം. പ്രസ്തുത പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പ് പ്രവർത്തനങ്ങൾ ക്ലാസ് റൂം പ്രക്രിയയുടെ ഭാഗമാക്കാവുന്നതാണ്. സ്ക്രിപ്റ്റ് തയ്യാറാക്കി നാടകം ,സെമിനാറുകൾ ഡിബേറ്റ്, റോൾ പ്ലേ തുടങ്ങിയവ നടത്തുമ്പോൾ ഭാഷാപരമായ വികാസത്തിൽ കുട്ടികൾ എവിടെ നിൽക്കുന്നുവെന്ന വിലയിരുത്താൻ കഴിയും. ഇക്കാര്യത്തിൽ അഞ്ചു മുതൽ പത്ത് വരെ ക്ലാസുകളിൽ കുട്ടികളുടെ പ്രായത്തിനനുസരിച്ച് അവരുടെ സൃഷ്ടികളിൽ വ്യത്യസ്തത സ്വാഭാവികമായും ഉണ്ടാകും. ലഹരിക്കെതിരായ നിലപാട് കൈക്കൊള്ളാൻ പ്രേരകമായ ഒട്ടനവധി ആശയങ്ങൾ ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളിലേക്ക് എത്തുകയും ചെയ്യും.
- **<u>ട്രാഫിക് നിയമങ്ങൾ:</u>** റോഡിലൂടെ നടന്നു വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റോഡ് മുറിച്ചു കടക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴും പാലിക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം കുട്ടികൾ

ആർജ്ജിക്കേണ്ട ശേഷികളുമായും അവർക്കുണ്ടാകേണ്ട തിരിച്ചറിവുകളുമായും ബന്ധിപ്പിച്ച് അവതരിപ്പിക്കാം.

- **<u>ശുചിത്വം, മാലിന്യ സംസ്കരണം:</u>** ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങളിൽ കേരളീയ സമൂഹം വളരെയേറെ ഗൗരവത്തോടെ ഇടപെടുന്നുണ്ട്. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ സംബന്ധിച്ച ശാസ്ത്രീയ ധാരണകൾ പ്രായത്തിനനുസൃതമായി കുട്ടികൾക്ക് ഉണ്ടാകണം. ഇക്കാര്യത്തിൽ വ്യക്തിപരമായും കൂട്ടായും എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന ധാരണ കുട്ടികൾക്ക് നൽകണം. സ്വന്തം ക്ലാസുമുറിയും സ്കൂൾക്യാമ്പസും എങ്ങിനെയെല്ലാം ശുചിയുള്ളതും ആകർഷകമായതുമാക്കി മാറ്റാം എന്നത് സംബന്ധിച്ച പ്രായോഗിക അനുഭവങ്ങൾ കുട്ടികൾക്കുണ്ടാകണം. ഒരു കുട്ടിയും പാഴ്വസ്തുക്കൾ വലിച്ചെറിയാതെ അത് നിക്ഷേപിക്കാൻ ഒരുക്കിയ ഇടങ്ങളിൽ മാത്രം ഇടുക എന്നത് ജീവിതരീതിയും ശീലവുമാക്കി മാറ്റാം എന്ന ധാരണ കുട്ടികൾക്കുണ്ടാകാൻ സഹായകമായ പ്രവർത്തനങ്ങൾ സ്കൂളിലുണ്ടാകണം. കമ്പോസ്റ്റിങ്ങിന്റെ സംവിധാനം സ്കൂളിൽ ഒരുക്കാനും അത് പരിപാലിക്കാനും കഴിയണം. സ്കൂൾ പച്ചക്കറിത്തോട്ടം, ക്യാമ്പസ്സ്, ഹരിതവത്ക്കരണം തുടങ്ങി പ്രയോഗികമാക്കാവുന്നവ കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ ചർച്ച ചെയ്ത് പ്രാവർത്തികമാക്കണം. ക്യാമ്പസ്സിന് പുറത്ത് മതിലിനും റോഡിനുമിടയിലുള്ള സ്ഥലം പൂച്ചെടികൾ വച്ച് പിടിപ്പിച്ച് ആകർഷകമാക്കൽ തുടങ്ങി സൗന്ദര്യവത്കരണത്തിന്റെ വ്യത്യസ്തങ്ങളായ സാധ്യതകൾ കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ ആരായാം. ഇവയുടെയെല്ലാം സംരക്ഷണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങളും തീരുമാനിക്കാം. ഇതെല്ലാം സംബന്ധിച്ച ചർച്ചകൾ ക്ലാസുകളിലുണ്ടാകണം.
- **<u>ആരോഗ്യശീലങ്ങൾ:</u>** നല്ല ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ, വ്യായാമത്തിന്റെ അനിവാര്യത സംബന്ധിച്ചും കൃത്യമായ ചർച്ചകൾ ഓരോ ക്ലാസിലും നടക്കണം. രോഗാതുരത ഒരു പ്രധാന പ്രശ്നമാണ്. കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും കുട്ടികളുടെ മാനസീകാരോഗ്യം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും കളികൾ വളരെ പ്രധാനമാണ്. കുട്ടികളിൽ കാണുന്ന മാനസീകസമ്മർദ്ദങ്ങളും, പിരിമുറുക്കവും, ആകാംക്ഷയും ഒക്കെ മാറ്റാനും മാനസീകാരോഗ്യം നിലനിർത്താനും കളികൾക്കും വ്യായാമത്തിനും നിർണ്ണായക പങ്കുണ്ട്. ശുചിത്വ ആരോഗ്യ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. അധികം വൈദഗ്ധ്യം അനിവാര്യമാണെങ്കിൽ അതത് പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്താം. പുറമെനിന്നുള്ള വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്ന ഘട്ടത്തിൽ സ്കൂൾ അസംബ്ലികളിൽ ആകുന്നതാണ് ഉചിതം.

- **<u>ഡിജിററൽ അച്ചടക്കം</u>**: മൊബൈൽ ഫോൺ, ടാബ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ വിവേകത്തോടെയും വിവേചന ബുദ്ധിയോടെയും എങ്ങനെ ഉപയോഗിക്കാം എന്നത് സംബന്ധിച്ച് കുട്ടികളുടെ പ്രായം പരിഗണിച്ച് സംവാദങ്ങൾ ക്ലാസുമുറികളിൽ നടത്തണം. ഇത്തരം സംവാദങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം. ഡിജിറ്റൽ അച്ചടക്കം സംബന്ധിച്ച് കൃത്യമായ ധാരണ കുട്ടികൾക്കുണ്ടാകേണ്ടതുണ്ട്. ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ അകപ്പെടാവുന്ന ചതിക്കുഴികളും കുട്ടികളുടെ പ്രായംകൂടി പരിഗണിച്ച് അവതരിപ്പിക്കാം. സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കാൻ കഴിയണം.
- **<u>പൊതുമുതൽ സംരക്ഷണം:</u>** പൊതുമുതൽ എന്തുകൊണ്ട് സംരക്ഷിക്കപ്പെടണമെന്ന് സംബന്ധിച്ച ചെറിയ ക്ലാസ് മുതൽ തന്നെ കുട്ടികളിൽ അവബോധം ഉണ്ടാകണം. ക്ലാസുമുറിയിലെ ഫർണിച്ചറുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, ക്യാമ്പസ്സുകളിലെ പൊതുസൗകര്യങ്ങൾ, മൂത്രപ്പുര, ശുചിമുറി തുടങ്ങിയവയെല്ലാം പരിപാലിക്കേണ്ട അനിവാര്യത സംബന്ധിച്ച് കൃത്യമായ ധാരണ കുട്ടികളിൽ ഉളവാക്കേണ്ടതുണ്ട്.
- **<u>പരസ്പര സഹകരണം:</u>** ഏതാനും ചിലയിടങ്ങളിൽ ഹൈസ്കൂൾ കുട്ടികൾക്കിടയിൽ ക്ലാസുകൾ തമ്മിലോ, കൂട്ടങ്ങൾ തമ്മിലോ സംഘർഷങ്ങളുണ്ടാകുന്നതായി കാണുന്നു. കൂടാതെ റാഗിങ്ങ്, അപമര്യാദയായുള്ള സംസാരം തുടങ്ങിയവയും കാണപ്പെടുന്നു. ഈ പ്രവണത മുളയിലേ ഇല്ലാതാക്കേണ്ടതുണ്ട്. ക്യാമ്പസ്സ് എന്നത് എല്ലാ കുട്ടികൾക്കും ഒരേപോലെ അവകാശപ്പെട്ടതാണെന്നും ക്യാമ്പസ്സിനകത്തും പുറത്തും സാഹോദര്യത്തോടെ പെരുമാറേണ്ടത് സംബന്ധിച്ച ധാരണ കുട്ടികളിലുണ്ടാകണം. പുതുതായി സ്കൂളിലെത്തുന്ന കുട്ടികൾക്ക് സ്കൂൾ ക്യാമ്പസ്സ്, അതിലെ സൗകര്യങ്ങൾ എന്നിവ പരിചയപ്പെടുത്തുക എന്നതും പ്രധാനമാണ്.

മേൽ പറഞ്ഞവയെല്ലാം അവതരിപ്പിച്ച് കുട്ടികളുടെ പ്രതികരണങ്ങളിലൂടെ കുട്ടികളെ അറിയാൻ കഴിയുക എന്നതാണ് പ്രധാനം. കുട്ടികളെ അറിയുക, ഓരോ കുട്ടിയുടെയും ജീവിത സാഹചര്യം മനസ്സിലാക്കുക എന്നത് ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മുന്നുപാധിയാണ്. എങ്കിലേ അവരുടെ പെരുമാറ്റ സവിശേഷതകളുടെ കാരണം അറിയാനാകൂ. അതോടൊപ്പം ഓരോ കുട്ടിയും ഭാഷ, ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഗണിതം എന്നീ വിഷയമേഖലകളിൽ സാങ്കേതികവിദ്യാപ്രയോഗത്തിൽ എവിടെ നിൽക്കുന്നു എന്നറിയുന്നതും പ്രധാനമാണ്.

കുട്ടികളുടെ ആർജ്ജിത അറിവ് ഇനി പഠിക്കേണ്ട പഠന മേഖലകളുമായി ബന്ധിപ്പിക്കുന്നതിൽ കുട്ടികൾക്ക് എന്തെങ്കിലും പഠന വിടവുണ്ടോ എന്നറിയാനുള്ള ഒരു മാധ്യമമായാണ് മുകളിൽ

നിർദ്ദേശിക്കുന്ന പഠനപ്രവർത്തനങ്ങളെ കാണേണ്ടത്. കുട്ടികളുടെ പങ്കാളിത്തം പ്രധാനമാണ്. അധ്യാപകരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. **<u>സാരോപദേശങ്ങൾ</u>** നൽകുക എന്നതല്ല ഈ പ്രവർത്തനങ്ങളിലൂടെ വിഭാവനം ചെയ്യുന്നത്. കുട്ടികളുടെ സജീവപങ്കാളിത്തമുള്ള പഠന പ്രവർത്തനങ്ങളായി വേണം ഈ പ്രവർത്തനങ്ങളെ സമീപിക്കേണ്ടത്.

സ്കൂൾ റിസോഴ്സ് ഗ്രൂപ്പാണ് ഓരോ സ്കൂളിനും ഓരോ ക്ലാസിനും ആവശ്യമായ മോഡ്യൂളുകൾ തയ്യാറാക്കേണ്ടത്. കുട്ടികളുടെ ആത്മവിശ്വാസം വളർത്തി പഠനപ്രവർത്തനങ്ങൾ സജ്ജമാക്കുക എന്നതും പ്രധാനമാണ്. രക്ഷാകർത്താക്കളുടെ സഹകരണം പ്രയോജനപ്പെടുത്താൻ കഴിയണം.

മൊഡ്യൂളുകൾ വികസിപ്പിക്കാനുള്ള പൊതുമാർഗ്ഗനിർദേശം സംസ്ഥാനതലത്തിൽ നിന്നും നൽകുന്നതാണ്. മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിന് സഹായകമായ അധികവിഭവങ്ങളുടെ സോഫ്റ്റ് കോപ്പി മാർഗ്ഗരേഖയ്ക്ക് അനുബന്ധമായി ചേർക്കുന്നതാണ്.

ഉപജില്ല, ജില്ല പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഏകോപിപ്പിക്കണം. അക്കാദമിക പിന്തുണ ബിആർസികളും ഡയറ്റും ഒരുക്കണം. വിദ്യാകിരണത്തിന്റെ സാധ്യത പൂർണമായി പ്രയോജനപ്പെടുത്തണം.

## <u>സ്കൂളിൽ നടക്കേണ്ട കാര്യങ്ങൾ</u>

- എസ്.ആർ.ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം. എസ്.ആർ.ജി മാന്വലിൽ തയ്യാറാക്കണം.
- 2 മുതൽ 10 വരെയുള്ള എല്ലാ ക്ലാസ്സിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.
- കുട്ടികളുടെ പ്രായത്തിനനുസൃതമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം.
- സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം.
- ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റുവിഷയങ്ങളിലുമുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം.
- ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിലാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.
- ഒരു ദിവസം ഒരു മണിക്കൂർ ഈ പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾ പ്ലേ എന്നിവ നടക്കുന്നുണ്ടെങ്കിൽ അത് പൂർണ്ണമാക്കുന്നതിനുള്ള സമയം നൽകണം.

- കുട്ടികൾക്ക് ക്ലാസ്സിലും ക്യാമ്പസ്സിലും സങ്കോചമില്ലാതെ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ആത്മവിശ്വാസമാണ് പ്രാരംഭ ദിനങ്ങളിൽ ഉണ്ടാക്കേണ്ടത്. പ്രവർത്തനങ്ങൾ ക്ലാസ്സുകളിൽ നടത്തേണ്ട സമയം/പീരിയഡ് സ്കൂൾ തലത്തിൽ തീരുമാനിക്കണം.

**പ്രവർത്തന പട്ടിക :**

| തീയതി | തീം | | |
|---|---|---|---|
| | LP വിഭാഗം (2 മുതൽ 4 വരെ ) | UP വിഭാഗം (5മുതൽ 7 വരെ ) | ഹൈസ്കൂൾ വിഭാഗം (8 മുതൽ 10വരെ ) |
| 03/06/2025 | പൊതുവിഷയങ്ങൾ | മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ | മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ |
| 04/06/ 2025 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ | ട്രാഫിക് നിയമങ്ങൾ/ റോഡിലൂടെ സഞ്ചരിക്കു മ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ | ട്രാഫിക് നിയമങ്ങൾ/ റോഡിലൂടെ സഞ്ചരിക്കു മ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ |
| 05/06/2025 | വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം | വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം | വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായിക ക്ഷമത, ആഹാരശീലം, | ആരോഗ്യം, വ്യായാമം, കായിക ക്ഷമത, ആഹാരശീലം | ആരോഗ്യം, വ്യായാമം, കായിക ക്ഷമത, ആഹാരശീലം |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം | ഡിജിറ്റൽ അച്ചടക്കം | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, നിയമബോധം, കാലാവസ്ഥാ മുൻകരുതൽ | പൊതുമുതൽ സംരക്ഷണം, നിയമബോധം, | പൊതുമുതൽ സംരക്ഷണം, നിയമബോധം, കാലാവസ്ഥാ മുൻകരുതൽ |

| | | | |
|---|---|---|---|
| | | കാലാവസ്ഥാ മുൻകരുതൽ | |
| 12/06/2025 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം | പരസ്പര സഹകരണ ത്തിന്റെ പ്രാധാന്യം | റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ, പരസ്പര സഹകരണ ത്തിന്റെ പ്രാധാന്യം |
| 13/06/2025 | പൊതു ക്രോഡീകരണം | പൊതു ക്രോഡീകരണം | പൊതു ക്രോഡീകരണം |

മേൽ പ്രവർത്തനങ്ങൾ ജില്ലകളിൽ ഡയറ്റ്, എസ്.എസ്.കെ, കൈറ്റ്, ഇ.ടി ക്ലബ് കൺവീനർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസ ഓഫീസർ ഡോക്യുമെന്റ് ചെയ്യേണ്ടതും സബ് ജില്ലാ, ജില്ലാ തലങ്ങളിൽ അവലോകനം ചെയ്യേണ്ടതും പുരോഗതി റിപ്പോർട്ട്, ക്രോഡീകൃത റിപ്പോർട്ട് എന്നിവ സംസ്ഥാനതലത്തിൽ സംസ്ഥാന തലത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

Signed by
Shanavas S
Date: 23-05-2025 16:16:54

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസർമാർക്കും
4. എല്ലാ ഡി.പി.സി മാർക്കും (എസ്.എസ്.കെ)
5. എല്ലാ ജില്ലാ വിദ്യാകിരണം കോർഡിനേറ്റർമാർക്കും( വിദ്യാകിരണം മിഷൻ മുഖേന)
6. എല്ലാ ജില്ലാ കൈറ്റ് കോർഡിനേറ്റർമാർക്കും (സംസ്ഥാന ചീഫ്എക്സിക്യൂട്ടീവ് ഓഫീസർ മുഖേന)
7. എല്ലാ പ്രധാനാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്: 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ,സമഗ്ര ശിക്ഷ .
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
3. അസിസ്റ്റന്റ് കോർഡിനേറ്റർ ,വിദ്യാകിരണം
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
5. ഡയറക്ടർ, എസ്.ഐ.ഇ.ടി